**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **206**

**17.02.2016**- ലെ മറുപടിക്ക്

## <u>സഹകരണ മേഖലയിലെ പുതിയ സംരംഭങ്ങൾ</u>

**<u>ചോദ്യം</u>**
**ശ്രീ. മോൻസ് ജോസഫ്**
**,, റ്റി. യു. കുരുവിള**

**<u>മറുപടി</u>**
**ശ്രീ. സി. എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)

എ) സഹകരണ മേഖലയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി മെഗാ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(എ) സഹകരണ മേഖലയിലുള്ള നിക്ഷേപം സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിന് ഉതകുന്ന മെഗാ പ്രോജക്ടുകൾക്ക് ഉപയോഗിക്കാൻ കഴിയും. അനുയോജ്യമായ പദ്ധതികൾക്ക് വേണ്ടി ഇതിനോടകം തന്നെ ചില ബാങ്കുകൾ വായ്പ നൽകിയിട്ടുണ്ട്.

എറണാകുളം ജില്ലാ സഹകരണ ബാങ്ക്, കൊച്ചി മെട്രോ റെയിൽ പ്രോജക്ടിനു വേണ്ടി 470 കോടി രൂപയും, കെ.എസ്.ആർ.റ്റി.സി യ്ക്ക് 91 കോടി രൂപയും, കേപ്പിന് 75 കോടി രൂപയും, കൺസ്യൂമർഫെഡറേഷന് 201.88 കോടി രൂപയും ധനസഹായം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലാ സഹകരണ ബാങ്ക്, ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ഇടുക്കി ജില്ലയിലെ ജനറൽ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കായി 'ജവഹർ ഭവന പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുകയും, നിലവിൽ 1412 ലക്ഷം രൂപ വായ്പയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ ULCYBER ധനസഹായ കൺസോർഷ്യത്തിൽ വയനാട് ജില്ലാ ബാങ്കിന്റെ പങ്കാളിത്ത വിഹിതമായി 20 കോടി രൂപ നൽകിയിട്ടുണ്ട്. മാത്രമല്ല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സംഘം പുതിയ മെഗാപ്രോജക്റ്റുകൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്.

......2

സഹകരണ മേഖലയിലെ വായ്പ സംഘങ്ങൾക്ക് ലഭ്യമായിട്ടുള്ള നിക്ഷേപം സംസ്ഥാനത്തിന്റെ പുരോഗതിക്കാവശ്യമായ വൻകിട പ്രോജക്ടുകൾക്ക് ഉപയോഗിക്കാൻ കഴിയും. പദ്ധതിയുടെ വിജയസാദ്ധ്യത, നൽകുന്ന വായ്പയുടെ സുരക്ഷിതത്വം എന്നിവ ഉറപ്പാക്കാൻ കഴിയുന്ന പദ്ധതികൾക്ക് ധനസഹായം നൽകുന്നതിന് സഹകരണ മേഖലയ്ക്ക് കഴിയും. ആയതിനാൽ ഇത്തരം പദ്ധതികൾ തുടർന്നും നടപ്പിലാക്കാൻ സഹകരണ മേഖല സന്നദ്ധമാണ്. ഇക്കാര്യത്തിൽ പുതിയതും വിജയസാദ്ധ്യത ഉള്ളതുമായി പുതിയ പദ്ധതികളുമായി മുന്നോട്ടു വരുന്ന വേളയിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

ബി) സഹകരണ മേഖലയിൽ നിന്നും കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് കൂടുതൽ സംഭാവനകൾ നൽകുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി) കാർഷിക മേഖലയുടെ അഭിവൃദ്ധി ലക്ഷ്യമാക്കി സഹകരണ വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ലഘു വിവരണം ചുവടെ ചേർക്കുന്നു:

- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകുന്ന പരമാവധി 3% പലിശ ഇളവ് ഉൾപ്പെടുത്തി ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി നൽകിവരുന്നു.
- നെൽകൃഷിക്ക് മുഴുവൻ പലിശയും സർക്കാർ റീഇമ്പേഴ്സ് ചെയ്ത് ഇളവ് നൽകി വരുന്നു.
- തിരഞ്ഞെടുക്കപ്പെട്ട 60 ബ്ലോക്കുകളിൽ ആരംഭിച്ചിട്ടുള്ള 60 ഫാർമേഴ്സ് സർവീസ് സെന്ററുകൾ ബ്ലോക്കു തലത്തിൽ ഏകോപിപ്പിക്കുകയും കർഷകർക്കാവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുകയും ആധുനിക കാർഷിക ഉപകരണങ്ങൾ, ശാസ്ത്രീയമായ കൃഷിരീതി എന്നിവ ചെയ്യുന്നതിനുള്ള പരിശീലനവും നിർദ്ദേശവും നൽകുന്നു.
- NCDC ധനസഹായത്തോടെ വിത്ത്, വളം, കീട നാശിനി മുതലായവ വിൽപ്പന നടത്തുന്നതിനുള്ള ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും, കൊപ്രാ, നാളികേരം, നെല്ല് സംഭരണ പദ്ധതികളും, വിവിധ പദ്ധതി കളും നടപ്പിലാക്കി വരുന്നു.
- ജൈവപച്ചക്കറികൾ, അനുബന്ധ ഉൽപന്നങ്ങൾ തുടങ്ങിയവയുടെ സംഭരണ വിപണനത്തിനായി "സുവർണ്ണം" എന്ന പേരിൽ ഒരു വിപണന ശൃംഖല 2015 ഓഗസ്റ്റ് മാസം മുതൽ ഒരു താലൂക്കിൽ ഒന്ന് എന്ന കണക്കിൽ ആരംഭി ച്ചിട്ടുണ്ട്.

.......3

- പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങൾ/സ്വാശ്രയ ഗ്രൂപ്പുകൾ എന്നിവ മുഖാന്തിരം കാർഷികമേഖലയിൽ ഉണർവ് ഉണ്ടാക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു.
- പുതിയ പദ്ധതികളിൽ ജൈവപച്ചക്കറികൾ കൂടുതൽ ഉൾപ്പാദിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും കാർഷിക സംസ്കരണത്തിൻ പ്രാധാന്യം നൽകുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**